പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3908

15.05.2017 ലെ മറുപടി

## മലിനജലം ശുദ്ധീകരിച്ച് ഉപയോഗയോഗ്യമാക്കുന്ന പദ്ധതി സംബന്ധിച്ച നയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ്** | **മാത്യൂ ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) മലിന ജലം ശുദ്ധീകരിച്ച് ഉപയോഗ യോഗ്യമാക്കുന്ന പദ്ധതിയെ സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ; | എ) ഗാർഹിക മലിന ജലം ശേഖരിച്ച് ശുദ്ധീകരിക്കുന്നതിനുള്ള സീവറേജ് സംവിധാനം നിലവിൽ തിരുവനന്തപുരത്തും ഭാഗികമായി കൊച്ചി നഗരത്തിലും മാത്രമാണ് നിലവിലുള്ളത്. തിരുവനന്തപുരത്തെ മുട്ടത്തറയിലുള്ള പുതിയ മലിനജല ശുദ്ധീകരണശാലയിൽ പ്രതിദിനം ഏകദേശം 40 ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിക്കുന്നുണ്ട്. ഇതു നിർമ്മാണ പ്രവൃത്തികൾക്കും ജലസേചനം മുതലായ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. |
| ബി) കേരള സർവ്വകലാശാലയിലെ പരിസ്ഥിതി പഠന വിഭാഗമോ ഇതര സർക്കാർ ഏജൻസികളോ ഇത്തരത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി ഇതു സംബന്ധിച്ച പഠന റിപ്പോർട്ടുകൾ ഒന്നും തന്നെ ജലവിഭവ വകുപ്പിൽ ലഭിച്ചിട്ടില്ല. |
| സി) സംസ്ഥാനം കടുത്ത ജലദൗർലഭ്യത്തിലേക്കു കടക്കുന്നതായ സൂചന ലഭ്യമായിത്തുടങ്ങിയ സാഹചര്യത്തിൽ മലിനജലം ശുദ്ധീകരിച്ച് കൃഷിയ്ക്കും ഇതര ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ? | സി മുട്ടത്തറയിലെ ജലം ഗാർഹികേതര ആവശ്യങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. |

RenuKa SanKar

സെക്ഷൻ ഓഫീസർ